**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*88.** **10.06.2019 ൽ മറുപടിയ്ക്ക്**

**ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവില്പന**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | മദ്യപാനത്തെത്തുടർന്നുണ്ടാകുന്ന കൊലപാതകങ്ങളും മറ്റ് ക്രിമിനൽ കുറ്റങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കുറയ്ക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) | മദ്യഉപയോഗത്തെ തുടർന്ന് കൊലപാതകങ്ങളും കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലഹരി വർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന മദ്യ നയമാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. ആയതിനുതകുന്ന ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"യുടെ നേതൃത്വത്തിൽ എല്ലാ മേഖലകളിലും നടപ്പിലാക്കിവരുന്നുണ്ട്. |
| (ബി) | ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവിൽപന എത്രത്തോളം കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട് എന്നറിയിക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ 2019 ഏപ്രിൽ വരെയുള്ള കാലയളവിലെ മദ്യവില്പന, (മുൻ സർക്കാർ അധികാരത്തിലിരുന്ന 2013 സെപ്റ്റംബർ മുതൽ 2016 ജൂൺ വരെയുള്ള 34 മാസക്കാലയളവിലെ) മുൻ വർഷങ്ങളിലെ മദ്യ വില്പനയുമായി താരതമ്യം ചെയ്യുമ്പോൾ, ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ (ഐ.എം.എഫ്.എൽ) വില്പനയിൽ 20.46 ലക്ഷം കെയ്സുകളുടെ കുറവും (616.29-595.83), ബിയർ വില്പനയിൽ 3.37 ലക്ഷം കെയ്സുകളുടെ കുറവും (359.25-355.83) ഉണ്ടായിട്ടുള്ളതായി കാണുന്നു. കെ.എസ്.ബി.സി മുഖേന വില്പന നടത്തിയ ഇൻഡ്യൻ നിർമ്മിത വിദേശമദ്യം, ബിയർ എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി കൊടുക്കുന്നു. |
| (സി) | ഈ ഔട്ട് ലെറ്റുകളിലെ വിൽപനയിൽ വ്യാപകമായി അഴിമതി നടക്കുന്നതായി വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; | (സി) | കേരളാ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കെ.എസ്.ബി.സിയുടെ 48 എഫ്.എൽ-1 ചില്ലറ വില്പനശാലകളിൽ മിന്നൽ പരിശോധനകൾ നടത്തിയിരുന്നു. ടി മിന്നൽ പരിശോധനകളുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പിന്റെ കണ്ടെത്തലുകൾ അടങ്ങിയ റിപ്പോർട്ട് നാളിതുവരെയായി ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | മദ്യവിൽപനയിലെ അഴിമതി പരിശോധിക്കുന്നതിനും തടയുന്നതിനും നിലവിലുള്ള സംവിധാനം പര്യാപ്തമല്ല എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (ഡി) | ഇന്റേണൽ ആഡിറ്റർ തലവനായ ഒരു സ്വതന്ത്ര ഇന്റേണൽ ആഡിറ്റ് വിഭാഗമാണ് കെ.എസ്.ബി.സി.ക്ക് ഉള്ളത്. ഇന്റേണൽ ആഡിറ്ററുടെ റിപ്പോർട്ടുകൾ നേരിട്ടാണ് എം.ഡി.ക്ക് സമർപ്പിക്കുന്നത്. കെ.എസ്.ബി.സി.യുടെ എല്ലാ പ്രവൃത്തി ക്രമങ്ങളും, നയങ്ങളും കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് ഇന്റേണൽ ആഡിറ്റ് വകുപ്പ് പരിശോധിക്കുന്നു. ഇതിൽ എന്തെങ്കിലും വീഴ്ച ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ മാനേജിംഗ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുന്നു. നിലവിൽ ഇന്റേണൽ ആഡിറ്റ് വകുപ്പിൽ 82 ജീവനക്കാരാണുള്ളത്. 2018-19 സാമ്പത്തിക വർഷത്തിൽ കെ.എസ്.ബി.സി.യുടെ ഇന്റേണൽ ആഡിറ്റ് വിഭാഗം 6343 എണ്ണം പരിശോധനകൾ നടത്തിയിട്ടുണ്ട്. സ്റ്റോക്കിലും വില്പനതുകയിലും ഏകദേശം 5.56 കോടി രൂപയുടെ കുറവ് കണ്ടെത്തുകയും, ടി കാലയളവിൽ ബാധ്യതയിനത്തിൽ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും 2.94 കോടി രൂപ തിരിച്ച് പിടിച്ചിട്ടുമുണ്ട്. 68 പരിശോധനകളിൽ ഉപഭോക്താക്കളിൽ നിന്നും അധിക തുക ഈടാക്കുന്നതായി കണ്ടെത്തുകയും, 81 പരിശോധനകളിൽ ചില മദ്യയിനങ്ങൾ പൂഴ്ത്തി വയ്ക്കുന്നതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ടി ക്രമക്കേടുകൾക്ക് ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനു പുറമെ, പിഴയായി 51 ലക്ഷം രൂപയും ഈടാക്കിയിട്ടുണ്ട്. കൂടാതെ കെ.എസ്.ബി.സി.യുടെ ഇന്റേണൽ ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനും, ആഡിറ്റ് ടീം അംഗങ്ങളും, ഷോപ്പ് ജീവനക്കാരും തമ്മിലുള്ള അവിഹിത കൂട്ടുകെട്ട് ഇല്ലാതാക്കുന്നതിനും വേണ്ടി ഡെപ്യൂട്ടേഷൻ മുഖേന ഓഡിറ്റ്/പരിശോധനയിൽ പരിചയമുള്ള വകുപ്പുകളിൽ നിന്നും ജീവനക്കാരെ നിയമിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. ഇൻഡ്യൻ നിർമ്മിത് വിദേശമദ്യവില്പന.

| വർഷം | വില്പന (ലക്ഷം കെയ്സിൽ) | വില്പനയിൽ മുൻവർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവ്/കുറവ് (ശതമാനത്തിൽ) |
|---|---|---|
| 2010-11 | 217.41 | 16% |
| 2011-12 | 241.78 | 11% |
| 2012-13 | 244.33 | 1% |
| 2013-14 | 240.67 | -1% |
| 2014-15 | 220.58 | -8% |
| 2015-16 | 201.75 | -9% |
| 2016-17 | 205.41 | 2% |
| 2017-18 | 208.51 | 2% |
| 2018-19 | 216.34 | 4% |
| 2019-20 (2019 ഏപ്രിൽ വരെ) | 18.41 | -1% |

2. ബിയറിന്റെ വില്പന:

| വർഷം | വില്പന (ലക്ഷം കെയ്സിൽ | വില്പനയിൽ മുൻവർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവ്/കുറവ് (ശതമാനത്തിൽ) |
|---|---|---|
| 2010-11 | 85.61 | 0.5% |
| 2011-12 | 97.82 | 14% |
| 2012-13 | 101.64 | 4% |
| 2013-14 | 107.96 | 6% |
| 2014-15 | 95.59 | -11% |
| 2015-16 | 154.20 | 61% |
| 2016-17 | 150.13 | -3% |
| 2017-18 | 115.42 | -23% |
| 2018-19 | 121.12 | 5% |
| 2019-20 (2019 ഏപ്രിൽ വരെ) | 13.18 | 5% |

സെക്ഷൻ ഓഫീസർ